# കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ
# KSTA

**സംസ്ഥാനകമ്മിറ്റി, തൈക്കാട് – തിരുവനന്തപുരം 695014.**

**Ph: 0471-2324997,2327630 Fax: 0471-2324997. Web: www.kstakerala.in, E mail - kstatvm@gmail.com**


---

പ്രസിദ്ധീകരണത്തിന് ;

തിരുവനന്തപുരം, 05-03-2013

## സെൻസസ് ഡ്യൂട്ടി – സറണ്ടർ ആനുകൂല്യം തിരിച്ചുപിടിച്ച സർക്കാർ നടപടിയിൽ പ്രതിഷേധിക്കുക

**കെ.എസ്.ടി.എ**

**<u>ഇന്ന് (മാർച്ച് 6) സബ്ജില്ലാ കേന്ദ്രങ്ങളിൽ പ്രതിഷേധ മാർച്ച്</u>**

2010 ലെ സെൻസസ് ഡ്യൂട്ടിയിലുണ്ടായിരുന്ന അധ്യാപകരുടെ ലീവ് സറണ്ടർ ആനുകൂല്യം തിരിച്ചുപിടിച്ചുകൊണ്ടുള്ള സർക്കാർ നടപടിയിൽ കെ.എസ്.ടി.എ സംസ്ഥാന കമ്മിറ്റി പ്രതിഷേധിച്ചു. 2010 ഏപ്രിൽ–മെയ് മാസങ്ങളിലായി നടന്ന സെൻസസ് പ്രവർത്തനത്തിന് 49 ദിവസത്തെ ഡ്യൂട്ടി ലീവ് അനുവദിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ 24 ദിവസത്തെ സറണ്ടർ ആനുകൂല്യം ഒന്നരലക്ഷത്തിലധികം അധ്യാപകർക്ക് നൽകിയിരുന്നു. ഈ ആനുകൂല്യം വെട്ടിച്ചുരുക്കി, 16 ദിവസത്തെ ശമ്പളത്തിന് തുല്യമായ തുക സെൻസസ് ഡ്യൂട്ടി ചെയ്ത് എല്ലാ അധ്യാപകരും തിരിച്ചടയ്ക്കണമെന്നാണ് പുതിയ ഉത്തരവ്. അധ്യാപകരുടെ വൊക്കേഷൻ സറണ്ടർ നിർത്തലാക്കുന്നതിന്റെ ഭാഗമായിട്ടാണ് പൊതുവിദ്യാഭ്യാസ വകുപ്പ് ഉത്തരവിറക്കിയിരിക്കുന്നത്. 300 കോടിയിലധികം രൂപ ഇതിന്റെ ഭാഗമായി സർക്കാരിന് തിരികെ കിട്ടും. മൂന്നുവർഷങ്ങൾക്ക് മുൻപ് നൽകിയിരുന്ന ആനുകൂല്യം മുൻകാല പ്രാബല്യത്തോടെ തിരിച്ചുപിടിക്കുന്നത് ഇതാദ്യമാണ്. സെൻസസ് ഉൾപ്പെടെയുള്ള വെക്കേഷൻ കാലത്തെ എല്ലാ ജോലികൾക്കും ഡ്യൂട്ടിലീവ് അനുവദിച്ചുകൊണ്ട് 2010 ജൂൺമാസം എൽ.ഡി.എഫ് സർക്കാർ ഉത്തരവിറക്കിയിരുന്നു. ഈ ഉത്തരവ് നിലനിൽക്കുമ്പോഴാണ് തിരിച്ചുപിടിക്കാനുള്ള നിർദ്ദേശം നൽകിയിരിക്കുന്നത്.

പരീക്ഷ നടക്കുന്ന ഘട്ടത്തിൽ അധ്യാപകർ പ്രക്ഷോഭത്തിനൊരുങ്ങില്ലെന്ന കണക്കുക്കൂട്ടലിലാണ് സർക്കാർ ഇപ്പോൾ ഉത്തരവിറക്കിയത്. പരീക്ഷകളെ ബാധിക്കാതെ ഇന്ന് (മാർച്ച് 6) അധ്യാപകർ പ്രതിഷേധമാർച്ച് നടത്തും. ഉത്തരവ് പിൻവലിച്ചില്ലെങ്കിൽ ശക്തമായ പ്രക്ഷോഭമാരംഭിക്കുമെന്ന് ജനറൽ സെക്രട്ടറി എം.ഷാജഹാൻ മുന്നറിയിപ്പ് നൽകി.

**എം. ഷാജഹാൻ**

ജനറൽ സെക്രട്ടറി